**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1672** **08-02-2023 - ൽ മറുപടിയ്ക്ക്**

**മണ്ണ് സംരക്ഷണത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കാർഷിക അടിസ്ഥാന സൗകര്യ വികസനവും പാരിസ്ഥിതിക പുനരുജ്ജീവനവും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തുടനീളം നീർത്തടാടിസ്ഥാനത്തിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു. നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന RIDF പദ്ധതി, തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണത്തിനായുള്ള പദ്ധതി, പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂഗർഭജലവിതാനതോത് ആപത്കരമാംവണ്ണം കുറഞ്ഞിരിക്കുന്ന പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ ഭൂഗർഭജലവിതാനം ഉയർത്തുവാനുദ്ദേശിച്ചുള്ള വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയിലെ രണ്ടു കുളങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പ്രവർത്തനങ്ങളും, ഉരുൾപൊട്ടൽ ബാധിത/ സാധ്യതാ പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതി, കാട്ടാക്കട തളിപ്പറമ്പ് എന്നീ നിയോജകമണ്ഡലങ്ങളിലെ സൂക്ഷ്മ നീർത്തട വികസന പദ്ധതി, തളിപ്പറമ്പ് നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി നബാർഡ് NIDA സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതി എന്നിവ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പ്രളയാനന്തര പുനർനിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കായി 60.94 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിലെ വരൾച്ചാ/ വെള്ളപ്പൊക്ക നിവാരണത്തിനായുള്ള പദ്ധതി, പ്രധാൻമന്ത്രി കൃഷി സിൻചയാ യോജന (പി.എം.കെ.എസ്.വൈ) പദ്ധതി, ജില്ലാ പഞ്ചായത്ത് പദ്ധതികൾ, ട്രൈബൽ ഡെവലപ്മെന്റ് സ്കീം എന്നിവയും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ? | (ബി) | ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ. നം. | പദ്ധതി | നിയോജകമണ്ഡലം | അടങ്കൽ തുക (ലക്ഷം) | ചെലവായ തുക ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | അഞ്ചൂറ്റം പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി – ആർ.ഐ.ഡി.എഫ്. 22 | അമ്പലപ്പുഴ | 149. 03 | 121.16 | നടപ്പാക്കി വരുന്നു |
| 2 | പൊങ്ങ–പൂപ്പള്ളി പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി – ആർ.ഐ.ഡി.എഫ്. 22 | കുട്ടനാട് | 234.24 | 132.25 | നടപ്പാക്കി വരുന്നു |
| 3 | പണ്ടോച്ചുകരി വെള്ളക്കെട്ട് നിവാരണ പദ്ധതി – ആർ.ഐ.ഡി.എഫ്. 22 | അരൂർ | 123. 00 | 68.09 | നടപ്പാക്കി വരുന്നു |
| 4 | പുത്തൻകരി അറുനൂറ്റം പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി – ആർ.ഐ.ഡി.എഫ്. 24 | കുട്ടനാട് | 244.87 | 10.52 | നടപ്പാക്കി വരുന്നു |
| 5 | കപ്പാംവേലി കാരേറ്റ് പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി – ആർ.ഐ.ഡി.എഫ്. 24 | അമ്പലപ്പുഴ | 261.19 | 45.92 | നടപ്പാക്കി വരുന്നു |
| 6 | തെറ്റിക്കളം പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി – ആർ.ഐ.ഡി.എഫ്. 25 | ഹരിപ്പാട് | 189.45 | 71.81 | നടപ്പാക്കി വരുന്നു |
| 7 | കേരള പുനർ നിർമ്മാണ പദ്ധതി – മണപ്പുറം പുഞ്ച | മാവേലിക്കര | 62.69 | 59.47 | പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 8 | കേരള പുനർ നിർ | ചേർത്തല | 237. 31 | 104.15 | നടപ്പാക്കി |

| | | | | | |
|---|---|---|---|---|---|
| | മ്മാണ പദ്ധതി- കൊട്ടളപ്പാടം | | | | വരുന്നു |
| 9 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം - പള്ളിക്കുളം പുനരുദ്ധാരണം | ചേർത്തല | 91.40 | 0.44 | പദ്ധതി പ്രവർ ത്തനങ്ങൾ ആരംഭിച്ചു |
| 10 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം - പരുത്തുകുളം പുനരുദ്ധാരണം | ചേർത്തല | 33.60 | 0.43 | പദ്ധതി പ്രവർ ത്തനങ്ങൾ ആരംഭിച്ചു |
| 11 | ജില്ലാ പഞ്ചായത്ത് പദ്ധതികൾ- പാട്ടത്തറ നൂറുപറ പാടശേഖരം പദ്ധതി | അമ്പലപ്പുഴ | 12.614 | 12.37 | നടപ്പാക്കി വരുന്നു |
| 12 | ജില്ലാ പഞ്ചായത്ത് പദ്ധതികൾ- പുല്ലൻചിറ പാടശേഖരം പദ്ധതി | ചേർത്തല | 12.65 | 6.04 | നടപ്പിലാക്ക ി വരുന്നു |
| 13 | ജില്ലാ പഞ്ചായത്ത് പദ്ധതികൾ- കൊച്ചുതറ കോളനി | കുട്ടനാട് | 16.32 | 5.69 | നടപ്പാക്കി വരുന്നു |
| 14 | ജില്ലാ പഞ്ചായത്ത് പദ്ധതികൾ- പ്രയാറ്റേരി മണിയൻകോരി പാടശേഖരം പദ്ധതി | ഹരിപ്പാട് | 10.00 | 0 | പദ്ധതി പ്രവർ ത്തനങ്ങൾ ആരംഭിച്ചു |
| 15 | ജില്ലാ പഞ്ചായത്ത് പദ്ധതികൾ- ചാലുങ്കൽ പാടശേഖരം പദ്ധതി | ഹരിപ്പാട് | 10.98 | 0 | പദ്ധതി പ്രവർ ത്തനങ്ങൾ ആരംഭിച്ചു |
| 16 | ജില്ലാ പഞ്ചായത്ത് പദ്ധതികൾ- ചെറുതോട് പാടശേഖരം പദ്ധതി | ചെങ്ങന്നൂർ | 10.00 | 0 | പദ്ധതി പ്രവർ ത്തനങ്ങൾ ആരംഭിച്ചു |

സെക്ഷൻ ഓഫീസർ